മുഖേന 'ലാന്റ് ബാങ്ക് സ്കീം' എന്ന പദ്ധതിക്ക് ഈ ഉദ്ദേശത്തോടെയാണ് രൂപം നൽകിയിട്ടുള്ളത്.

(സി) പിൽഗ്രിം ടൂറിസം വികസിപ്പിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ ഗുരുവായൂർ, മലയാറ്റൂർ, കാലടി എന്നിവിടങ്ങളിൽ ഓരോ യാത്രി നിവാസ് നിർമ്മിക്കുന്നതിനും എരുമേലിയിൽ തീർത്ഥാടകർക്കുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ തൃശ്ശൂർ വടക്കുനാഥക്ഷേത്രത്തിൽ ദീപാലങ്കാരം ഏർപ്പെടുത്തിയിട്ടുണ്ട്.

113 (2299) വിനോദസഞ്ചാര മേഖലയുടെ വികസനത്തിന് പരിപാടികൾ

ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ വിനോദസഞ്ചാരമേഖലയിൽ അടുത്ത 5 വർഷക്കാലംകൊണ്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ ഏവ;

(ബി) ഇതിനുള്ള സാമ്പത്തിക സ്രോതസ് എന്താണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളത്തിന്റെ വിനോദസഞ്ചാര മേഖലയിൽ അടുത്ത അഞ്ചു വർഷക്കാലയളവിൽ നടത്താൻ ഉദ്ദേശിക്കുന്ന നടപടികൾ താഴെ പറയുന്നവയാണ്.

(1) തദ്ദേശീയരും വിദേശീയരുമായ ടൂറിസ്റ്റുകൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ വികസനം.

(2) ജലപാതകളുടെ വികസനം.

(3) പ്രത്യേക വിനോദസഞ്ചാര കേന്ദ്രങ്ങളിലുള്ള റോഡുകളുടെ വികസനം.

(4) പുതിയ ടൂറിസം സങ്കേതങ്ങൾ കണ്ടെത്തുകയും വികസിപ്പിക്കുകയും ചെയ്യുക.

(5) ടൂറിസം പരസ്യപ്രചാരണരംഗം കൂടുതൽ വിപുലപ്പെടുത്തുക. കൂടാതെ വിവിധ മേളകൾ സംഘടിപ്പിക്കുക.

(6) പരിസ്ഥിതിക്ക് കോട്ടം വരാത്ത രീതിയിൽ ടൂറിസം വികസനത്തിനായുള്ള സമഗ്രപദ്ധതികൾ രൂപീകരിക്കുക.

(7) ടൂറിസം ട്രേഡ് ആക്ട് നടപ്പിലാക്കുക.

(8) ടൂറിസം മേഖലയിൽ സ്വകാര്യ നിക്ഷേപകരെ പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ ആനുകൂല്യങ്ങൾ നൽകുക. കൂടാതെ, ടൂറിസം മേഖലയിൽ മുതൽ മുടക്കുന്നവർക്ക് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക.

(ബി) ചില പദ്ധതികൾക്ക് കേന്ദ്ര ഗവൺമെന്റിൽനിന്നും ധനസഹായം ലഭിക്കും. സംസ്ഥാന ബജറ്റിൽനിന്നും മിക്ക പദ്ധതികൾക്കും മുഴുവൻ തുകയും ചില പദ്ധതികൾക്ക് സംസ്ഥാന വിഹിതമായും ഗണ്യമായ തുക ചെലവാകുന്നുണ്ട്. സ്വാകാര്യ സംരംഭകർക്ക് നിയമാനുസൃതമായ പ്രോത്സാഹനങ്ങൾ നൽകി മുതൽ മുടക്കിന് പ്രേരണ നൽകിവരുന്നുണ്ട്. വിദേശസഹായ

LIBRARY ARCHIVES Kerala Legislative Assembly

ത്തിനും സാമ്പത്തിക സ്ഥാപനങ്ങളുടെ വായ്പയ്ക്കും കെ.ടി.ഡി.സി. തുടങ്ങിയ സ്ഥാപനങ്ങൾ ശ്രമം തുടരും.

114 (2300) ടൂറിസം വകുപ്പിൽനിന്ന് ധനസഹായം

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കാര്യംകോട് പുഴയിലും വലിയ പറമ്പ് പഞ്ചായത്തിലെ വെള്ളാപ്പിലും ഓണാഘോഷത്തോടനുബന്ധിച്ചു നടക്കുന്ന വള്ളംകളിക്ക് ടൂറിസം വികസന വകുപ്പു മുഖേന സഹായം അനുവദിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഈ കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു എന്നറിയിക്കുമോ ;

(സി) തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ രാമവില്യം പെരുംകളിയാട്ട മഹോത്സവത്തിന് ടൂറിസം വകുപ്പു മുഖേന ധനസഹായം അനുവദിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദവിവരം അറിയിക്കുമോ?

ഉത്തരം

(എ)&(ബി) ടൂറിസം വകുപ്പിന് നിവേദനം ലഭിച്ചിട്ടുണ്ട്. പരിശോധിച്ച് ഉചിതമായ നടപടി ഉടൻ കൈക്കൊള്ളുന്നതാണ്.

(സി)&(ഡി) ഒരു ലക്ഷം രൂപ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

115 (2301) പുരാതന കെട്ടിടങ്ങളുടെ സംരക്ഷണത്തിന് പദ്ധതി

പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. എം. നാരായണൻ(ഹോസ്ദുർഗ്) :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. ജോസ് ബേബി :
ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൗരാണികവും പരമ്പരാഗത വാസ്തുശിൽപ്പശൈലിയുള്ളതുമായ കെട്ടിടങ്ങളുടെ സംരക്ഷണത്തിനായി വിനോദസഞ്ചാര വകുപ്പ് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കി വരുന്നുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതികൾക്കായി ഇതിനകം എത്ര തുക ചെലവഴിച്ചുവെന്നും ഇത്തരത്തിലുള്ള ഏതെല്ലാം കെട്ടിടങ്ങൾ സംരക്ഷിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരളീയ വാസ്തുവിദ്യാ ശൈലിയിൽ നിർമ്മിക്കപ്പെട്ട പുരാതനവും പാരമ്പര്യവുമുള്ളതുമായ ഭവനങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി സംസ്ഥാന ടൂറിസം വകുപ്പ് 'ഗൃഹസ്ഥലി' എന്ന ഒരു നൂതനപദ്ധതി ആരംഭി

LIBRARY ARCHIVES Kerala Legislative Assembly